Published on 18-03-2018

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 127

# 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

549/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ (1951-ലെ XIV) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ "ചീഫ് വിപ്പിനും പ്രതിമാസം ആയിരം രൂപ ശമ്പളവും" എന്ന വാക്കുകൾക്ക് പകരം "ചീഫ് വിപ്പിനും പ്രതിമാസം രണ്ടായിരം രൂപ ശമ്പളവും" എന്ന വാക്കുകളും "പന്ത്രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാൽപ്പതിനായിരം രൂപ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ, "ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിമാസം ആയിരം രൂപ ശമ്പളവും" എന്ന വാക്കുകൾക്ക് പകരം "ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിമാസം രണ്ടായിരം രൂപ ശമ്പളവും" എന്ന വാക്കുകളും "പന്ത്രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാൽപ്പതിനായിരം രൂപ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

4. 5 സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5 സി വകുപ്പിൽ, "അഞ്ചു ലക്ഷം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 5 ഡി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 5 സി വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"5 ഡി. നിയമസഭാ അംഗങ്ങളുടെ വിമാനയാത്ര.—ഓരോ നിയമസഭാംഗത്തിനും നിയമസഭാ കമ്മിറ്റി മീറ്റിംഗിന് മാത്രമായി, സംസ്ഥാനത്തിനകത്തും പുറത്തും വിമാനയാത്ര നടത്തുന്നതിനായി ചെലവാകുന്ന തുകയായി പ്രതിവർഷം പരമാവധി അമ്പതിനായിരം രൂപ വരെ എന്നതിന് വിധേയമായി തിരികെ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്." .

6. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ "പതിനായിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനേഴായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എഎ) ഖണ്ഡത്തിൽ "പന്ത്രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തി അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പതിനയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 8 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8 എ വകുപ്പിൽ,—

(1) (5)-ാം ഉപവകുപ്പിൽ "ഏഴായിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനൊന്നായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (5 എ) ഉപവകുപ്പിൽ "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാലായിരം രൂപ" എന്ന വാക്കുകളും "മൂവായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "എണ്ണായിരം രൂപ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

9. 8 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8 ബി വകുപ്പിൽ "എന്നിവരല്ലാതെയുള്ള ഓരോ" എന്ന വാക്കുകൾക്ക് പകരം "എന്നിവരുൾപ്പെടെയുള്ള നിയമസഭയിലെ എല്ലാ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പട്ടികയിൽ,—

(1) 1-ാം ഇനത്തിൽ,—

(എ) (1)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പതിനഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതും "ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതുമാണ്;

(ii) (ബി) ഖണ്ഡത്തിൽ "കിലോമീറ്ററിന് അൻപത് പൈസ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് രണ്ട് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ "എഴുന്നൂറ്റി അൻപത് രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ഡി) ഖണ്ഡത്തിൽ കിലോമീറ്ററിന് "അൻപത് പൈസ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് ഒരു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (ഇ) ഖണ്ഡത്തിൽ "നൂറ്റി ഇരുപത്തി അഞ്ച് രൂപ" എന്ന വാക്കുകൾക്ക് പകരം "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് എട്ട് രൂപാ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ വാടകയ്ക്കെടുത്ത വാഹനങ്ങളിലോ സ്വന്ത വാഹനത്തിലോ ചെയ്ത യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പതിനഞ്ച് രൂപാ നിരക്കിൽ സർക്കാർ വാഹനങ്ങളിലോ വാടകയ്ക്കെടുത്ത വാഹനങ്ങളിലോ സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "കിലോമീറ്ററിന് അൻപത് പൈസ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് രണ്ട് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ "തൊള്ളായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) II-ാം ഇനത്തിൽ,—

(എ) (1)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് ഏഴ് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "എഴുന്നൂറ്റി അൻപത് രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിന് ശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(സി) വിമാന മാർഗ്ഗമുള്ള യാത്രകൾക്കായി യഥാർത്ഥ യാത്രാക്കൂലിയും കൂടാതെ ആകസ്മിക ചെലവുകൾക്കായി ഓരോ യാത്രയ്ക്കും, പരമാവധി അഞ്ഞൂറ് രൂപ എന്നതിന് വിധേയമായ, യാത്രാക്കൂലിയുടെ അഞ്ചിൽ ഒന്നും".

(ബി) (2)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് ഇരുപത്തിയഞ്ച് പൈസ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് ഒരു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "കിലോമീറ്ററിന് ആറ് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ, "തൊള്ളായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി ഇരുന്നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭയിലെ അംഗങ്ങൾ എന്നിവരുടെ ശമ്പളവും ബത്തകളും അവസാനമായി പരിഷ്കരിച്ചത് 2012-ലെ 4-ാം ആക്റ്റ് പ്രകാരം 2012-ലാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പെട്രോൾ, ഡീസൽ, വൈദ്യുതി, ടെലഫോൺ ചാർജ്ജുകൾ മുതലായവ ഉൾപ്പെടെ എല്ലാ സാധനങ്ങളുടേയും വില പലമടങ്ങ് വർദ്ധിച്ചു. മേൽപ്പറഞ്ഞവ പരിഗണിച്ച്, ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച്, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭയിലെ അംഗങ്ങൾ എന്നിവരുടെ ശമ്പളവും ബത്തകളും നിയമസഭയിലെ മുൻ അംഗങ്ങളുടെ പെൻഷനും ബത്തകളും എന്നിവയെപ്പറ്റി പഠനം നടത്തി അവ പരിഷ്കരിക്കുന്നതിനുവേണ്ടി ശിപാർശകൾ സമർപ്പിക്കുന്നതിനും 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കു

ന്നതിനുമായി കേരള ഹൈക്കോടതി റിട്ടയേർഡ് ജഡ്ജി ജസ്റ്റിസ് ജെ. എം. ജെയിംസിനെ നിയമിക്കുകയുണ്ടായി. ജസ്റ്റിസ് ജെ. എം. ജെയിംസ് കമ്മീഷൻ വിവിധ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് 2017 ആഗസ്റ്റ് 22-ന് സമർപ്പിച്ചു. കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭയിലെ അംഗങ്ങൾ എന്നിവരുടെ ശമ്പളവും ബത്തകളും പരിഷ്കരിക്കുന്നതിനും 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 2-ഉം 3-ഉം ഖണ്ഡങ്ങൾ, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്കുള്ള ശമ്പളത്തിന്റെയും ബത്തകളുടെയും നിരക്കുകൾ പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായും അവരുടെ നിയോജകമണ്ഡല ബത്ത പ്രതിമാസം പന്ത്രണ്ടായിരം രൂപയിൽ നിന്നും നാൽപ്പതിനായിരം രൂപയായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 4-ാം ഖണ്ഡം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് ഉൾപ്പെടെയുള്ള നിയമസഭാംഗങ്ങൾക്ക് അപകട ഇൻഷ്വറൻസ് അഞ്ച് ലക്ഷം രൂപയിൽ നിന്ന് ഇരുപത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 5-ാം ഖണ്ഡം, നിയമസഭാ കമ്മിറ്റി മീറ്റിംഗുകൾക്ക് മാത്രമായി സംസ്ഥാനത്തിന് അകത്തും പുറത്തും വിമാനയാത്ര നടത്തുന്നതു വഴി നിയമസഭാംഗങ്ങൾക്ക് ഉണ്ടാകുന്ന ചെലവുകൾ പ്രതിവർഷം പരമാവധി അൻപതിനായിരം രൂപ വരെ തിരികെ ലഭിക്കുന്നതാണെന്ന ഒരു പുതിയ വ്യവസ്ഥ കൂട്ടി ചേർക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 6-ാം ഖണ്ഡം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് തിരുവനന്തപുരം സിറ്റിയ്ക്കകത്തും അതിന്റെ എട്ട് കിലോമീറ്റർ ചുറ്റളവിനുള്ളിലും നടത്തുന്ന യാത്രകൾക്കുള്ള വാഹനങ്ങൾക്കു വേണ്ട പെട്രോളിന്റെയും ഓയിലിന്റെയും ചെലവിനുള്ള യാത്രാനുകൂല്യം പ്രതിമാസം പതിനായിരത്തി അഞ്ഞൂറ് രൂപയിൽ നിന്നും പതിനേഴായിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 7-ാം ഖണ്ഡം, ഇനം (i) നിയമസഭാംഗങ്ങളുടെ സ്ഥിരബത്തകൾ പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 7-ാം ഖണ്ഡം, ഇനം (ii) നിയമസഭാംഗങ്ങളുടെ നിയോജകമണ്ഡല ബത്ത പ്രതിമാസം പന്ത്രണ്ടായിരം രൂപയിൽ നിന്നും ഇരുപത്തി അയ്യായിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 7-ാം ഖണ്ഡം, ഇനം (iii) നിയമസഭാംഗങ്ങളുടെ ഏറ്റവും കുറഞ്ഞ യാത്രാബത്ത പ്രതിമാസം പതിനയ്യായിരം രൂപയിൽ നിന്നും ഇരുപതിനായിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങൾക്കുള്ള ടെലഫോൺ ബത്ത പ്രതിമാസം ഏഴായിരത്തി അഞ്ഞൂറ് രൂപയിൽ നിന്നും പതിനൊന്നായിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 8-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങൾക്കുള്ള ഇൻഫർമേഷന് ബത്ത പ്രതിമാസം ആയിരം രൂപയിൽ നിന്നും നാലായിരം രൂപയായും സംപ്റ്റ്യുവറി ബത്ത പ്രതിമാസം മൂവായിരം രൂപയിൽ നിന്നും എണ്ണായിരം രൂപയായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 9-ാം ഖണ്ഡം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് പത്തു ലക്ഷം രൂപ വരെ പലിശരഹിത വാഹന വായ്പയും ഇരുപത് ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ ഭവനനിർമ്മാണ വായ്പയും ലഭിക്കുന്നതിന് അർഹരാക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് സംസ്ഥാനത്തിനകത്ത് റോഡ് മാർഗ്ഗം നടത്തിയ യാത്രകൾക്കുള്ള ബത്ത കിലോമീറ്ററിന് പത്തു രൂപയിൽ നിന്ന് പതിനഞ്ചു രൂപയായും ആകസ്മിക ചെലവുകൾ കിലോമീറ്ററിന് അമ്പതു പൈസയിൽ നിന്ന് രണ്ടു രൂപയായും ദിനബത്ത എഴുനൂറ്റി അൻപത് രൂപയിൽ നിന്നും ആയിരം രൂപയായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള തീവണ്ടി യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾ കിലോമീറ്ററിന് അമ്പതു പൈസയിൽ നിന്ന് ഒരു രൂപയായും സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഓരോ വിമാന യാത്രകൾക്കുമുള്ള ആകസ്മിക ചെലവുകൾക്കുള്ള പരമാവധി പരിധി നൂറ്റിഇരുപത്തി അഞ്ചു രൂപയിൽ നിന്നും അഞ്ഞൂറ് രൂപയായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാനത്തിന് പുറത്ത് റോഡ് യാത്രകൾക്കുള്ള ബത്ത കിലോമീറ്ററിന് പത്തു രൂപയിൽ നിന്നും പതിനഞ്ചു രൂപയായും ആകസ്മിക ചെലവുകൾ കിലോമീറ്ററിന് അൻപതു പൈസയിൽ നിന്നും രണ്ടു രൂപയായും ദിനബത്ത തൊള്ളായിരം രൂപയിൽ നിന്നും ആയിരത്തി അഞ്ഞൂറ് രൂപയായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങൾക്ക് സംസ്ഥാനത്തിന് അകത്തേ റോഡ് യാത്രകൾക്കുള്ള ബത്ത കിലോമീറ്ററിന് ഏഴു രൂപയിൽ നിന്ന് പത്ത് രൂപയായും ദിനബത്ത എഴുനൂറ്റി അൻപത് രൂപയിൽ നിന്നും ആയിരം രൂപയായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, നിയമസഭാംഗങ്ങൾക്ക് വിമാന മാർഗ്ഗമുള്ള യാത്രയ്ക്കായി യഥാർത്ഥ യാത്രാക്കൂലിയും ആകസ്മിക ചെലവുകൾക്കായി ഓരോ യാത്രയ്ക്കും യാത്രാക്കൂലിയുടെ അഞ്ചിലൊന്നും പരമാവധി അഞ്ഞൂറ് രൂപ എന്നതിന് വിധേയമായി എന്ന വ്യവസ്ഥ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തിന് പുറത്തുള്ള തീവണ്ടി യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾ കിലോമീറ്ററിന് ഇരുപത്തി അഞ്ച് പൈസയിൽ നിന്ന് ഒരു രൂപയായി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന് പുറത്തുള്ള റോഡ് യാത്രകൾക്കുള്ള ബത്ത കിലോ മീറ്ററിന് ആറു രൂപയിൽ നിന്നും പത്തു രൂപയായും ദിനബത്ത തൊള്ളായിരം രൂപയിൽ നിന്നും ആയിരത്തി ഇരുനൂറ് രൂപയായും വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ആവർത്തന സ്വഭാവത്തോടുകൂടിയ ഗണ്യമായ ഒരു തുക ഇതിന്റെ നടത്തിപ്പിലേയ്ക്കായി ചെലവ് പ്രതീക്ഷിക്കുന്നു. പ്രതിമാസ ബത്തകൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നതിനാൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഏകദേശം 5,25,75,576 രൂപ (അഞ്ചു കോടി ഇരുപത്തിഅഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തിയാറ് രൂപ മാത്രം) അധിക ആവർത്തന ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്കായി നടപ്പിൽവരുത്തുന്ന മുൻകൂർ വാഹന-ഭവന വായ്പകൾ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള യാത്രകൾക്കുള്ള ബത്തകളിലെ വർദ്ധനവുകൾ, നിയമസഭാംഗങ്ങളുടെ വിമാനയാത്രാ ചെലവുകൾ മടക്കി നൽകുന്നതിനായി കൊണ്ടുവന്ന പുതിയ വ്യവസ്ഥകൾ, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭാംഗങ്ങൾ എന്നിവർക്കുള്ള അപകട ഇൻഷ്വറൻസ് വർദ്ധിപ്പിക്കൽ എന്നിവമൂലം ഉണ്ടായേക്കാവുന്ന യഥാർത്ഥ അധിക ചെലവ് ഏതെങ്കിലും, ന്യായമായ നിലയിൽ കൃത്യതയോടെ ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

എ. കെ. ബാലൻ.

(ശരിത്തർജ്ജമ)

# 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1951-ലെ XIV)

** ** ** **

3. മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും ചീഫ് വിപ്പിന്റെയും ശമ്പളവും ബത്തകളും.—ഓരോ മന്ത്രിക്കും, പ്രതിപക്ഷനേതാവിനും, ചീഫ് വിപ്പിനും പ്രതിമാസം ആയിരം രൂപ ശമ്പളവും പ്രതിമാസം ആയിരം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വാങ്ങാൻ അർഹതയുള്ള അതേ നിരക്കിൽ ക്ഷാമബത്തയും പ്രതിമാസം പന്ത്രണ്ടായിരം രൂപ നിയോജകമണ്ഡല ബത്തയും നൽകേണ്ടതാണ്.

4. നിയമസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളവും ബത്തകളും.—നിയമസഭാ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിമാസം ആയിരം രൂപ ശമ്പളവും പ്രതിമാസം ആയിരം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വാങ്ങാൻ അർഹതയുള്ള അതേ നിരക്കിൽ ക്ഷാമബത്തയും പ്രതിമാസം പന്ത്രണ്ടായിരം രൂപ നിയോജകമണ്ഡല ബത്തയും നൽകേണ്ടതാണ്.

** ** ** **

5 സി. നിയമസഭയിലെ അംഗങ്ങൾക്കുള്ള ആക്സിഡന്റ് ഇൻഷ്വറൻസ്.—(1) ഇതിലേക്കായി സർക്കാർ ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുൾപ്പെടെ നിയമസഭയിലെ ഓരോ അംഗത്തിനും, അതത് സംഗതി പോലെ, നിയമസഭാംഗം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നീ നിലകളിൽ തുടരുന്നകാലത്ത് സംഭവിക്കുന്ന ഇതിലേക്കായി പ്രത്യേകം പറഞ്ഞിട്ടുള്ള അപകടങ്ങൾക്കോ മറ്റ് വൈകല്യങ്ങൾക്കോ എതിരായി സർക്കാർ ചെലവിൽ അഞ്ചു ലക്ഷം രൂപയിൽ കവിയാത്ത ഒരു തുകയ്ക്ക് ഇൻഷ്വർ ചെയ്യപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

6. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്കുള്ള യാത്രാനുകൂല്യം.—

** ** ** **

(2) മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് തിരുവനന്തപുരം സിറ്റിക്കകത്തും അതിന്റെ എട്ട് കിലോമീറ്റർ ചുറ്റളവിനുള്ളിലും നടത്തുന്ന യാത്രകൾക്കുള്ള വാഹനങ്ങൾക്ക് വേണ്ട പെട്രോളിന്റെയും ഓയിലിന്റെയും ചെലവിനുപകരമായി പ്രതിമാസം പതിനായിരത്തി അഞ്ഞൂറ് രൂപ നൽകേണ്ടതാണ്.

** ** ** **

8. <u>നിയമസഭാ അംഗങ്ങളുടെ ബത്തകൾ.</u>—(1) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കാത്ത ഓരോ നിയമസഭാ അംഗത്തിനും ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) പ്രതിമാസം ആയിരം രൂപ സ്ഥിരബത്തയും;

(എഎ) തന്റെ നിയോജകമണ്ഡലത്തിലെ അങ്ങനെയുള്ള അംഗം എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾക്കായി പ്രതിമാസം പന്ത്രണ്ടായിരം രൂപ നിയോജകമണ്ഡലബത്തയും;

(ബി) നിയമസഭയുടെ സമ്മേളനങ്ങളിൽ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും സമിതിയിലെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനും അംഗത്വം അവസാനിക്കുമ്പോൾ അദ്ദേഹത്തിന്റെ സാധാരണ വാസസ്ഥലത്തേക്ക് തിരികെ യാത്ര ചെയ്യുന്നതിനുള്ള യാത്രാബത്തയും സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾവഴി വിനിർദ്ദേശിച്ച പ്രകാരമുള്ള വ്യവസ്ഥകൾക്കും പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള യാത്രാബത്തയും ദിനബത്തയും സ്വീകരിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ, ഒരു അംഗത്തിന്, കേരളത്തിനകത്ത് യാത്ര ചെയ്യുന്നതിന്, ഈ ഖണ്ഡപ്രകാരം പ്രതിമാസം പതിനയ്യായിരം രൂപയിൽ കുറയാതെ യാത്രാബത്ത വാങ്ങുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

8 <u>എ. സൗകര്യങ്ങൾ.</u>—

** ** ** **

(5) (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഓരോ അംഗത്തിനും, (4)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചാർജ്ജുകളല്ലാതെ അങ്ങനെയുള്ള ടെലിഫോൺ സംബന്ധമായ ചാർജ്ജുകൾ വഹിക്കുന്നതിലേക്ക് പ്രതിമാസം ഏഴായിരത്തി അഞ്ഞൂറ് രൂപയുടെ ടെലിഫോൺ ബത്തയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ് :

** ** ** **

(5 എ) (3)-ാം ഉപവകുപ്പിൽ, പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിനും, പ്രതിമാസം ആയിരം രൂപയുടെ ഇൻഫർമേഷൻ ബത്തക്കും പ്രതിമാസം മൂവായിരം രൂപയുടെ സംപ്ച്യുവറി ബത്തക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

8 ബി. <u>വാഹനവായ്പയും ഭവനനിർമ്മാണവായ്പയും</u>.—ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള ഓരോ അംഗത്തിനും പത്ത് ലക്ഷം രൂപ വരെയുള്ള പലിശരഹിത വാഹനവായ്പയും കുറഞ്ഞ പലിശ നിരക്കിൽ ഇരുപത് ലക്ഷം രൂപ വരെയുള്ള ഭവനനിർമ്മാണവായ്പയും ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

** ** ** **

<u>പട്ടിക</u>

I. <u>മന്ത്രിമാരും, സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, പ്രതിപക്ഷനേതാവും, ചീഫ് വിപ്പും</u>.—മന്ത്രിമാർക്കും, സ്പീക്കർക്കും, ഡെപ്യൂട്ടി സ്പീക്കർക്കും, പ്രതിപക്ഷനേതാവിനും, ചീഫ് വിപ്പിനും അവർ നടത്തുന്ന യാത്രകൾക്ക് താഴെപ്പറയുന്ന നിരക്കുകളിൽ യാത്രാബത്തകളും, ആകസ്മിക ചെലവുകളും, ദിനബത്തകളും നൽകേണ്ടതാണ് :—

(I) കേരള സംസ്ഥാനത്തിനകത്ത്;—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് പത്ത് രൂപ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ, വാടകയ്ക്കെടുത്ത വാഹനങ്ങളിലോ, സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, ഗസ്റ്റ് ഹൗസ് വാഹനത്തിൽ/വകുപ്പ് വാഹനത്തിൽ യാത്ര ചെയ്താൽ, ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ നിരക്കിൽ;

(സി) താമസത്തിന് എഴുന്നൂറ്റി അൻപത് രൂപ ഒരു ദിന ബത്ത;

(ഡി) ട്രെയിൻ മാർഗ്ഗമുള്ള യാത്രകൾക്ക്-യഥാർത്ഥ യാത്രാക്കൂലിയും (ഒന്നാം ക്ലാസ് അല്ലെങ്കിൽ എയർകണ്ടീഷൻഡ്), കൂടാതെ ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ;

(ഇ) വിമാനത്തിലുള്ള യാത്രകൾക്ക്-യഥാർത്ഥ യാത്രാക്കൂലിയും കൂടാതെ ആകസ്മിക ചെലവുകൾക്കായി ഓരോ യാത്രയ്ക്കും പരമാവധി നൂറ്റി ഇരുപത്തിയഞ്ച് രൂപ എന്നതിന് വിധേയമായി യാത്രാക്കൂലിയുടെ അഞ്ചിലൊന്ന്;

(2) കേരള സംസ്ഥാനത്തിന് പുറത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് പത്ത് രൂപ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ, വാടകയ്ക്കെടുത്ത വാഹനങ്ങളിലോ, സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, ഗസ്റ്റ് ഹൗസ് വാഹനത്തിൽ/വകുപ്പ് വാഹനത്തിൽ യാത്ര ചെയ്താൽ, ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ നിരക്കിൽ;

(സി) തൊള്ളായിരം രൂപ ഒരു ദിന ബത്ത;

(ഡി) ട്രെയിൻ മാർഗ്ഗമോ വിമാന മാർഗ്ഗമോ ഉള്ള യാത്രകൾക്ക്, ട്രെയിൻ മാർഗ്ഗമോ അല്ലെങ്കിൽ വിമാന മാർഗ്ഗമോ, അതത് സംഗതിപോലെ, കേരള സംസ്ഥാനത്തിനകത്ത് നടത്തുന്ന യാത്രകൾക്ക് അനുവദനീയമായ അതേ നിരക്കിൽ.

II. <u>നിയമസഭയിലെ അംഗങ്ങൾ</u>.—നിയമസഭയിലെ അംഗങ്ങൾക്ക് യാത്രാബത്തകളും, ദിനബത്തകളും താഴെപ്പറയുന്ന നിരക്കുകളിൽ നൽകേണ്ടതാണ്:—

(1) കേരള സംസ്ഥാനത്തിനകത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് ഏഴ് രൂപ നിരക്കിൽ;

(ബി) എഴുന്നൂറ്റി അൻപത് രൂപ ഒരു ദിന ബത്ത;

(2) കേരള സംസ്ഥാനത്തിന് പുറത്ത്,—

(എ) ട്രെയിൻ മാർഗ്ഗമുള്ള യാത്രകൾക്ക്-ഒരു ഒന്നാം ക്ലാസ്/രണ്ടാം ക്ലാസ് എയർകണ്ടീഷൻഡ് റെയിൽവേ യാത്രാക്കൂലിയും കൂടാതെ കിലോമീറ്ററിന് ഇരുപത്തിയഞ്ച് പൈസ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ- ഓരോ കിലോമീറ്ററിനും ആറ് രൂപ നിരക്കിൽ;

(സി) തൊള്ളായിരം രൂപ ദിന ബത്ത.

---